**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2257** **30-07-2021 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റ മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള സർക്കാരിന്റെ സ്ഥലംമാറ്റ മാനദണ്ഡം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്നതിനെതിരെ ഏതെങ്കിലും കാറ്റഗറി സംഘടന പരാതി സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത സംഘടനയുടെ പേരുവിവരം നൽകാമോ; | (ബി) | ബാധകമല്ല |
| (സി) | സ്ഥലംമാറ്റ മാനദണ്ഡത്തിലെ സുതാര്യതക്കുറവ് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കെ.ഡബ്ല്യു.എ.യിലെ ഓഫീസർമാരുടെ അംഗീകൃത സംഘടനയായ എ.കെ.ഡബ്ല്യു.എ.ഒ. സമർപ്പിച്ചിട്ടുള്ള നിവേദനത്തിന് നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ജനറൽ ട്രാൻസ്ഫർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. വിവിധ സംഘടനകളിൽ നിന്നും ജീവനക്കാരിൽ നിന്നും ലഭിച്ച നിവേദനങ്ങൾ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചു വരികയാണ്. ആയതിനാൽ പ്രസ്തുത നിവേദനത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഒരു മാസത്തിൽക്കുറവ് മാത്രം സ്വന്തം ജില്ലവിട്ട് ജോലി ചെയ്തിട്ടുള്ള എത്ര എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കെ.ഡബ്ല്യു.എ. ഹെഡ് ഓഫീസിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്നറിയിക്കാമോ; | (ഡി) | കെ.ഡബ്ല്യു.എ. ഹെഡ് ഓഫീസിൽ ആരും തന്നെയില്ല. |
| (ഇ) | മാനദണ്ഡത്തിന് വിരുദ്ധമായി ചില ഓഫീസർമാർ തിരുവനന്തപുരത്ത് സ്ഥിരമായി തുടരുന്നതിന് മാറ്റം വരുത്താൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (ഇ) | മാനദണ്ഡങ്ങൾക്കും അനുവദനീയമായ ഇളവുകൾക്കും അനുസൃതമായി സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ